"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - സീഫുഡ് പാർക്ക് നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ചുറ്റുമതിൽ കെട്ടുമ്പോൾ വഴിയ്ക്കായി 5 സെന്റ് ഭൂമി വിട്ടു നൽകുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.257/2024/F&P തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- 1 വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20-05-2024 തീയതിയിലെ VISL/43/2024-ALM/137 നം. കത്ത്

2 ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16-03-2024 തീയതിയിൽ ചേർന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 9-ാമത് യോഗത്തിലെ തീരുമാനം

ഉത്തരവ്

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി സീഫുഡ് പാർക്ക് നിർമ്മിക്കുന്നതിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് വിലയ്ക്ക് വാങ്ങിയിട്ടുള്ള സർവ്വേ നം.268 ൽ 5.5 ഏക്കർ സ്ഥലത്തിനു ചുറ്റുമതിൽ കെട്ടുന്നതുമൂലം സർവ്വേ നം. 251 ൽ താമസിക്കുന്ന ജനങ്ങൾക്ക് വഴി നഷ്ടമാകുമെന്ന് ആരോപിച്ച് പ്രദേശവാസികൾ ചുറ്റുമതിൽ കെട്ടുന്നതിന് തടസ്സം സൃഷ്ടിച്ചിരുന്നതായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് താമസിക്കുന്നവർ 1 മീറ്റർ വീതിയുള്ള ഒരു ഓടയുടെ പുറത്തുകൂടിയാണ് വഴി നടക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. VISL ഭൂമി ഏറ്റെടുത്തതോടുകൂടി വഴി നഷ്ടപ്പെട്ടവർക്ക് 1.5 മീറ്റർ വീതിയിൽ വഴി അനുവദിക്കുന്നതിനും വസ്തു ഉടമകൾ അവരുടെ വസ്തുവിൽ നിന്നും 1.5 മീറ്റർ സ്ഥലം വിട്ടു നല്കണമെന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 7-ാമത് യോഗത്തിൽ തീരുമാനിച്ചിരുന്നു. 1 മീറ്റർ വീതിയുള്ള ഓടയുടെ 0.5 മീറ്റർ VISL വിലയ്ക്കുവാങ്ങിയ സ്ഥലത്തുനിന്നു എടുത്തിട്ടുള്ളതാണെന്നും അതിനാൽ ടി പ്രദേശത്ത് താമസിക്കുന്നവർക്ക് 1.5 മീറ്റർ വഴി വിട്ടുനൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും, ഓടയ്ക്കുവേണ്ടി വിട്ടുകൊടുത്ത 0.5 മീറ്ററും പുതുതായി 2 മീറ്ററും ഉൾപ്പടെ 2.5 മീറ്റർ വീതിയിൽ VISL ൽ സ്ഥലം വിട്ടുനൽകുമ്പോൾ വസ്തു ഉടമകൾക്കുള്ള 0.5 മീറ്റർ ഉൾപ്പടെ 3 മീറ്റർ വീതിയിൽ ഒരു വഴി ലഭ്യമാകും എന്നും ഇതിനായി 5 സെന്റ് സ്ഥലമാണ് വിട്ടുനൽകേണ്ടതെന്നും പരാമർശ കത്തു പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എം.ഡി അറിയിച്ചിട്ടുണ്ട്.

3. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16-03-2024 തീയതിയിൽ ചേർന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 9-ാമത് യോഗം ഈ വിഷയം ചർച്ച ചെയ്യുകയും, വഴിക്കായി 5 സെന്റ് സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി സീഫുഡ് പാർക്ക് നിർമ്മിക്കുന്നതിന് സർവ്വേ നം.268 ൽ 5.5 ഏക്കർ സ്ഥലം VISL വിലയ്ക്ക് വാങ്ങിയിട്ടുള്ള സ്ഥലത്തിനു ചുറ്റുമതിൽ കെട്ടുന്നതുമൂലം സർവ്വേ നം. 251 ൽ താമസിക്കുന്ന ജനങ്ങൾക്ക് വഴി നഷ്ടമാകുമെന്ന ആശങ്ക പരിഹരിക്കുന്നതിനായി ഓടയ്ക്കുവേണ്ടി വിസിൽ വിട്ടുകൊടുത്ത 0.5 മീറ്ററും പുതുതായി 2 മീറ്ററും ഉൾപ്പെടെ 2.5 മീറ്റർ വീതിയിൽ വിസിലിൽ നിന്ന് സ്ഥലം വിട്ടു നൽകുമ്പോൾ ആകെ 3 മീറ്റർ വീതിയിൽ വഴി ലഭ്യമാകുമെന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി മൊത്തം 5 സെന്റ് സ്ഥലം വഴിക്കായി വിട്ടു നൽകുന്നതിന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
P Y Usha
Date: 31-05-2024 12:49:29
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്